കെട്ടിട നിർമ്മാണചട്ടം തെറ്റായി വ്യഖ്യാനിച്ച് അധികഫീസ് ഈടാക്കിയവരുടെ മേൽനടപടി

94 (492) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ ആയി കെട്ടിടം പണിയുവാൻ പെർമിറ്റിന് അപേക്ഷിക്കുമ്പോൾ നിലവിലുള്ളതും നേരത്തെ പണമടച്ചിട്ടുള്ളതും ആയ ഭാഗത്തിന്റെ ഫ്ളോർ ഏരിയ കൂട്ടിച്ചേർത്ത് അപേക്ഷഫീസും പെർമിറ്റ് ഫീസും ചില പഞ്ചായത്തുകൾ ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 100 തെറ്റായി വ്യാഖ്യാനിച്ച് ഇപ്രകാരം അധികഫീസ് ഈടാക്കിയവരുടെ മേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

ഭൂചലനത്തിന്റെ ഫലമായി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി

95 (493) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ പല ഭാഗങ്ങളിലും ഭൂചലനം റിപ്പോർട്ട് ചെയ്യപ്പെട്ട സാചര്യത്തിൽ കെട്ടിടനിർമ്മാണങ്ങൾക്ക് അനുമതി നൽകുമ്പോൾ അപകട സാദ്ധ്യത കുറയ്ക്കാനായി നഗരാസൂത്രണ നിയമങ്ങളിലും കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly